"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ച വരവേ സേവനത്തിൽ നിന്നും നീക്കം ചെയ്യപ്പെട്ട ശ്രീ. ഇ. ഉണ്ണികൃഷ്ണന് അനുതാപ ബത്ത അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.13/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 01/01/2020

---

പരാമർശം:- 1 30.04.2015-ലെ സ.ഉ.(സാധാ) നം.1287/2015/തസ്വഭവ നമ്പർ

2 ശ്രീ. ഇ. ഉണ്ണികൃഷ്ണന്റെ 04.10.2017-ലെ അപേക്ഷ

3 പഞ്ചായത്ത് ഡയറക്ടറുടെ 30.01.2018-ലെ എച്ച്2-23049/16 നമ്പർ കത്ത്

4 തൃശ്ശൂർ ജില്ലാ കളക്ടറുടെ 11.09.2018-ലെ DCTSR/2685/2018-C2 നമ്പർ കത്ത്

ഉത്തരവ്

പാലക്കാട് ജില്ലയിലെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ച വരവേ ശ്രീ. ഇ. ഉണ്ണികൃഷ്ണനെ പരാമർശം (1) ഉത്തരവ് പ്രകാരം സേവനത്തിൽ നിന്നും നീക്കം ചെയ്തിരുന്നു. സേവനത്തിൽ നിന്നും നീക്കം ചെയ്യപ്പെട്ട ശ്രീ. ഇ. ഉണ്ണികൃഷ്ണന് അനുതാപ ബത്ത അനുവദിക്കണമെന്ന പരാമർശം (2) അപേക്ഷയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ശുപാർശ ലഭ്യമാക്കിയിട്ടുണ്ട്.

2. സർവ്വീസിൽ നിന്നും നീക്കം ചെയ്യപ്പെട്ടതിനാൽ ശ്രീ. ഇ. ഉണ്ണികൃഷ്ണന് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചിരുന്നില്ലെന്നും, ടിയാനും ഭാര്യയും മൂന്ന് പെൺമക്കളും ടിയാന്റെ അമ്മയും അവിവാഹിതയായ സഹോദരിയും നിലവിൽ തൃശ്ശൂർ ജില്ലയിൽ വാടക വീട്ടിലാണ് താമസിക്കുന്നതെന്നും ശ്രീ. ഇ. ഉണ്ണികൃഷ്ണൻ കരൾ സംബന്ധമായ അസുഖത്തിന് ചികിത്സയിലാണെന്നും, ടിയാന്റെ രണ്ടാമത്തെ മകൾ ബധിരയും മൂകയുമാണെന്നും ടിയാന്റെയും മകളുടെയും ചികിത്സയ്ക്കും മൂന്നാമത്തെ മകളുടെ വിദ്യഭ്യാസത്തിനും സാമ്പത്തിക പരാധീനത കാരണം സാധിക്കാത്ത സാഹചര്യമാണുള്ളതെന്നും സാമ്പത്തികമായി ഏറെ ബുദ്ധിമുട്ടുന്ന ടിയാന്റെ കുടുംബം വളരെ ക്ലേശിച്ചാണ് ജീവിക്കുന്നതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2 9 വർഷവും, 1 മാസവും, 12 ദിവസവും യോഗ്യതാ സേവനകാലയളവ് ഉണ്ടായിരുന്ന ശ്രീ. ഉണ്ണികൃഷ്ണന് അനുതാപ ബത്ത അനുവദിക്കുന്നതിന് രേഖകൾ സഹിതം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

3. തുടർന്ന് ശ്രീ. ഇ. ഉണ്ണികൃഷ്ണന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് തൃശ്ശൂർ ജില്ലാ

കളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടകയും ആയതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാ കളക്ടർ പരാമർ ശം (4) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ് ടിയാന്റെ കുടുംബം ജീവിച്ചു വരുന്നതെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചട്ടം .5A, കെ . എസ് . ആർ.ഭാഗം. III . പ്രകാരം ഒരു ജീവനക്കാരനെ തക്കതായ കാരണത്താൽ പെരുമാറ്റദൂഷ്യത്തിനോ, അനുസരണക്കേടിനോ, കാര്യക്ഷമതയില്ലായ്മക്കോ സേവനത്തിൽ നിന്നും പിരിച്ച് വിടുകയോ, നീക്കം ചെയ്യുകയോ ചെയ്താൽ അയാൾക്ക് പെൻഷന് അർഹതയില്ല. അപ്രകാരം സേവനത്തിൽ നിന്നും പിരിച്ച് വിട്ട ഒരാൾക്ക് പ്രത്യേക പരിഗണന അർഹിക്കുന്നുവെന്ന് മേലധികാരിക്ക് തോന്നുന്നപക്ഷം പിരിച്ചുവിടപ്പെട്ടയാൾക്ക് അനുവദിക്കുന്ന ഔദാര്യമാണ് അനുതാപബത്ത. അല്ലാതെ അത് പിരിച്ചുവിടപ്പെട്ടയാൾക്ക് ലഭിക്കുന്ന അവകാശമല്ല. പിരിച്ചുവിട്ട തീയതിയിൽ സ്വാഭവികമായി ടിയാൻ റിട്ടയർ ചെയ്യുമായിരുന്നെങ്കിൽ കിട്ടുമായിരുന്ന പെൻഷൻ തുകയുടെ മൂന്നിൽ രണ്ടു ഭാഗത്തിൽ കവിയാത്ത തുക ഭാവി പ്രാബല്ല്യത്തിൽ അനുതാപബത്തയായി അനുവദിക്കാവുന്നതാണ്. എന്നാൽ ചട്ടം 57 ന ചുവടെയുള്ള കുറിപ്പ് 2 ഭാഗം 3 കെഎസ്ആർ പ്രകാരം അനുതാപബത്ത അനുവദിക്കുന്നത് ഒരു ഔദാര്യമായതിനാൽ വീണ്ടും റൗണ്ടിങ്ങ് അനുവദിക്കുന്നതല്ല. കൂടാതെ ടിയാന് അനുതാപ ബത്ത അനുവദിക്കുവാൻ തീരുമാനിക്കുന്ന പക്ഷം, ആഡിറ്റ് ആഫീസറുടെ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിരിച്ചുവിട്ട തീയതിയിൽ ടിയാന് സ്വാഭവികമായി റിട്ടയർ ചെയ്യുമായിരുന്നെങ്കിൽ കിട്ടുമായിരുന്ന പെൻഷൻ തുകയുടെ മൂന്നിൽ രണ്ടു ഭാഗത്തിൽ കവിയാത്ത തുക, പര്യാപ്തനായ അധികാരിയ്ക്കു, അനുതാപബത്തയായി അനുവദിക്കാവുന്നതാണ്. ആയതുപ്രകാരമുള്ള ആഡിറ്റ് ഓഫീസറുടെ പ്രിലിമിനറി റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കിയിട്ടുമുണ്ട്.

5. മേൽ സാഹചര്യത്തിൽ, പാലക്കാട് ജില്ലയിലെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവേ പരാമർശം (1) പ്രകാരം സേവനത്തിൽ നിന്നും നീക്കം ചെയ്യപ്പെട്ട ശ്രീ. ഇ. ഉണ്ണികൃഷ്ണന് അനുതാപ ബത്ത അനുവദിച്ചും ആഡിറ്റ് ആഫീസറുടെ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിരിച്ചുവിട്ട തീയതിയിൽ ടിയാന് സ്വാഭവികമായി റിട്ടയർ ചെയ്യുമായിരുന്നെങ്കിൽ കിട്ടുമായിരുന്ന പെൻഷൻ തുകയുടെ മൂന്നിൽ രണ്ടു ഭാഗത്തിൽ കവിയാത്ത തുക, തിട്ടപ്പെടുത്തി അനുവദിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡീഷണല് സെക്രട്ടറി**

1. ശ്രീ. ഇ. ഉണ്ണികൃഷ്ണൻ, മുൻ സീനിയർ സൂപ്രണ്ട്, ഇളഞ്ചുറ്റിൽ വീട്, എസ്.എൻ.സി.നഗർ, നെടുപുഴ പി.ഒ., തൃശ്ശൂർ – 680 007
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, തൃശ്ശൂർ
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. ധനകാര്യ (വെൽഫെയർ വിംഗ്) വകുപ്പ് (WW1/75/2018-Fin dated 12.04.2018)

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇപിബി1/86/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം ,

സെക്ഷൻ ഓഫീസർ